

# സമാധാന വാഗ്ദത്തം

Giving Light to Our World

## സമാധാനം എന്ന വാഗ്ദത്തം

സമാധാനമാണ് നിങ്ങൾക്ക് ആവശ്യം – സ്വർഗ്ഗീയ പാപ ക്ഷമയും സമാധാനവും ആത്മാവിന്റെ സ്നേഹവും, പണം കൊണ്ട് വാങ്ങാനാകയില്ല. ബുദ്ധിശക്തി കൊണ്ട് അതു പ്രാപിക്കുന്നില്ല. ജ്ഞാനം കൊണ്ട് അത് ലഭ്യമാകയില്ല. നിങ്ങളുടെ സ്വന്ത പ്രയത്നം കൊണ്ട് അതു നേടാമെന്നു ഒരിക്കലും ആഗ്രഹിക്കാവുന്നതുമല്ല. എന്നാൽ അത് ഒരു ദാനമായി ദൈവം നിങ്ങൾക്കു തരുന്നു. "നിങ്ങൾ വന്ന് ദ്രവ്യവും വിലയും കൂടാതെ" അത് വാങ്ങി കൊൾവിൻ എന്നു ദൈവം അരുളി ചെയ്യുന്നു (യെശ. 55:1). നിങ്ങൾ കൈ നീട്ടി അത് എടുക്കുകയാണെങ്കിൽ അത് നിങ്ങളുടേതു തന്നെ ആയിരിക്കും. നിങ്ങളുടെ പാപങ്ങൾ കടും ചുവപ്പായിരുന്നാലും ഹിമം പോലെ വെളുക്കും; രക്താബരം പോലെ ചുവപ്പായിരുന്നാലും പഞ്ഞിപോലെ ആയിത്തീരും" (യെശ. 1:18) "ഞാൻ നിങ്ങൾക്ക് പുതിയൊരു ഹൃദയം തരും; പുതിയൊരു ആത്മാവിനെ ഞാൻ നിങ്ങളുടെ ഉള്ളിലാക്കും" (യെഹെ. 36:26)

നിങ്ങൾ പാപങ്ങളെ ഏറ്റുപറഞ്ഞുകൊണ്ട് ഹൃദയത്തിൽ നിന്ന് അവ ഉപേക്ഷിച്ചുകളഞ്ഞു. നിങ്ങളെ ദൈവത്തിനായി കൊടുപ്പാൻ നിങ്ങൾ തീരുമാനിച്ചു.

ഇനി നിങ്ങൾ ദൈവത്തിങ്കലേക്കു ചെന്ന് നിങ്ങളുടെ പാപങ്ങൾ കഴുകികളവാനും പുതിയൊരു ഹൃദയം തരുവാനും ആവശ്യപ്പെടുക. ദൈവവാഗ്ദത്തം ഇപ്രകാരമുള്ളതുകൊണ്ട് അത് വിശ്വസിക്കുക. യേശു ഈ ഭൂമിയിലായിരുന്നപ്പോൾ നമ്മളെ ഇങ്ങനെ തന്നെ പഠിപ്പിച്ചിരിക്കുന്നു. ദൈവ വാഗ്ദത്തം ദൈവം ദാനം ചെയ്യുന്നത് നാം പ്രാപി ക്കുമെന്ന് നമ്മൾ വിശ്വസിച്ചാൽ അത് തീർച്ചയായും നമ്മുടേതു ആയിത്തീരും. യേശുവിന്റെ ശക്തിയിൽ വിശ്വസിച്ച മനുഷ്യരുടെ രോഗങ്ങളെ എല്ലാം യേശു സൗഖ്യപ്പെടുത്തി. കാണുന്ന കാര്യത്തിൽ കൂടെ അവർ കാണാത്തവയിലേക്കു വിശ്വാസം അർപ്പിച്ചു കൊണ്ട് തന്റെ പാപക്ഷമാശക്തിയിൽ ആശ്രയിപ്പാൻ യേശു അവരെ പഠിപ്പിച്ചു. ഒരു രോഗിയെ സൗഖ്യ മാക്കിയപ്പോൾ യേശു ഇത് വ്യക്തമാക്കുകയുണ്ടാ യി. " എങ്കിലും ഭൂമിയിൽ പാപങ്ങളെ മോചിപ്പാൻ മനുഷ്യപുത്രനു അധികാരമുണ്ട് എന്നു നിങ്ങൾ അറിയേണ്ടതിന് - അവൻ പക്ഷാഘാതക്കാരനോടു: എഴുന്നേറ്റു കിടക്ക എടുത്തു വീട്ടിൽ പോക എന്നു പറഞ്ഞു" (മത്തായി 9:6). " എന്നാൽ യേശു ദൈവ പുത്രനായ ക്രിസ്തു എന്ന് നിങ്ങൾ വിശ്വസിക്കേ ണ്ടതിനും വിശ്വസിച്ചിട്ട് അവന്റെ നാമത്തിൽ നിങ്ങൾക്ക് ജീവനുണ്ടാകേണ്ടതിനും ഇത് എഴുതി യിരിക്കുന്നു" എന്നു യേശു ചെയ്ത അത്ഭുതങ്ങ

ളെക്കുറിച്ച് യോഹന്നാൻ പറയുന്നു (യോഹ. 20:31).

## വാഗ്ദത്തത്തിലെ പ്രവർത്തനം:–

പാപക്ഷമക്കു വേണ്ടി യേശുവിൽ വിശ്വസിക്കേണ്ടത് എപ്രകാരമെന്ന് നാം പഠിക്കേണ്ടതിന് ഈ രോഗിയെ സൗഖ്യമാക്കിയ അത്ഭുതം ബൈബിളിൽ നാം കാണുന്നു. ബഥസ്തായിലെ പക്ഷാഘാതക്കാരന്റെ കഥയിലേക്ക് നമുക്കു തിരിഞ്ഞു നോക്കാം. കഷ്ടപ്പാടു സഹിച്ചു കിടന്ന ഈ പാവം മനുഷ്യൻ സഹായരഹിതനായിരുന്നു. മുപ്പത്തെട്ടു വർഷക്കാലം അവന്റെ കൈകാലുകൾ അവൻ ഉപയോഗിച്ചിരുന്നില്ല. എങ്കിലും യേശു അവനോടു "എഴുന്നേറ്റു കിടക്ക എടുത്തു വീട്ടിൽ പോക എന്നു പറഞ്ഞു" കർത്താവെ നിനക്കിഷ്ടമാണെങ്കിൽ എന്നെ സൗഖ്യമാക്കുക, എന്നാൽ ഞാൻ നിന്റെ വാക്ക് അനുസരിക്കാം" എന്ന് അവനു വേണമെങ്കിൽ പറയാമായിരുന്നു. പക്ഷെ, അങ്ങനെയല്ല സംഭവിച്ചത്. അവൻ ക്രിസ്തുവിന്റെ വാക്കു വിശ്വസിച്ചു. തനിക്ക് സൗഖ്യമായി എന്ന് വിശ്വസിച്ചുകൊണ്ട് ചാടി എഴുന്നേറ്റു. നടക്കാൻ ആഗ്രഹിച്ച് അവൻ നടന്നു. ക്രിസ്തുവിന്റെ വാക്ക് അനുസരിച്ച് അവൻ പ്രവർത്തിച്ചു ദൈവം അവന് ശക്തി കൊടുത്തു. അവൻ പൂർണ്ണസുഖം പ്രാപിച്ചു. ഇതുപോലെ തന്നെ നിങ്ങൾ ഒരു പാപിയാണ്. നിങ്ങളുടെ കഴി

ഞ്ഞകാല പാപങ്ങൾക്കുള്ള മോചനം നിങ്ങൾക്കു സ്വയമായി സാദ്ധ്യമല്ല. നിങ്ങളുടെ ഹൃദയം രൂപാന്ത രപ്പെടുത്തി വിശുദ്ധീകരിക്കാൻ നിങ്ങൾക്കാവില്ല. എന്നാൽ ക്രിസ്തുവിൽ കൂടെ നിങ്ങൾക്കു വേണ്ടി ഇതെല്ലാം ചെയ്തു തരും എന്ന് ദൈവം വാഗ്ദത്തം ചെയ്തിരിക്കുന്നു. നിങ്ങൾ ആ വാഗ്ദത്തത്തിൽ വിശ്വസിക്കുക. നിങ്ങളുടെ പാപങ്ങൾ ഏറ്റുപറഞ്ഞു കൊണ്ട് ദൈവത്തിങ്കൽ ഏൽപ്പിച്ചു കൊടുക്കുക. ദൈവശുശ്രൂഷക്ക് നിങ്ങൾ ആഗ്രഹിക്കുക. ഇതു നിങ്ങൾ ചെയ്യുമ്പോൾ തന്റെ വാക്ക് ദൈവവും നിറ വേറ്റും. പാപം ക്ഷമിക്കപ്പെട്ട് ശുദ്ധനായി തീർന്നു എന്ന് നിങ്ങൾ വിശ്വസിക്കുമ്പോൾ ദൈവ വാഗ്ദത്തം നിറവേറപ്പെടും. പക്ഷവാതരോഗിക്ക് നട ക്കാനുള്ള ശക്തി ക്രിസ്തു കൊടുത്തു എന്ന് വിശ്വ സിച്ച് അവൻ സൗഖ്യം പ്രാപിച്ചതുപോലെ നിങ്ങൾക്കും സൗഖ്യം ഉണ്ടാകും. നിങ്ങൾ വിശ്വസി ച്ചതുപോലെ നിങ്ങൾക്കു സംഭവിക്കും.

നിങ്ങൾക്കു സൗഖ്യമായി എന്നു തോന്നുന്നതു വരെ കാത്തിരിക്കാതെ "ഞാൻ അതു വിശ്വസി ക്കുന്നു; അങ്ങനെ സംഭവിക്കും, എനിക്ക് അങ്ങനെ തോന്നുന്നതുകൊണ്ടല്ല, ദൈവ വാഗ്ദത്തം അങ്ങ നെയുള്ളതുകൊണ്ടാണ്" എന്നു പറയുക. "അതു കൊണ്ട് നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ യാചിക്കുന്ന

തൊക്കെയും ലഭിച്ചു എന്നു വിശ്വസിപ്പിൻ; എന്നാൽ അത് നിങ്ങൾക്ക് ഉണ്ടാകും" എന്നു യേശു പറയുന്നു(മർക്കൊസ് 11:24). ഈ വാഗ്ദത്തത്തിന് ഒരു വ്യവസ്ഥയുണ്ട് - നാം പ്രാർത്ഥിക്കുന്നത് ദൈവ ഹിത പ്രകാരമായിരിക്കണം. നമ്മെ പാപത്തിൽ നിന്ന് ശുദ്ധരാക്കി ദൈവമക്കളാക്കിക്കൊണ്ട് ഒരു വിശുദ്ധജീവിതം നയിപ്പാൻ സഹായിക്കുക എന്നതാണ് ദൈവ ഇഷ്ടം. അതുകൊണ്ട് ഈ അനുഗ്രഹങ്ങൾക്കു വേണ്ടി അപേക്ഷിക്കുക. അവ ലഭിച്ചു എന്നു വിശ്വസിച്ചുകൊണ്ട് അതിനായി ദൈവത്തിന് നന്ദിയർപ്പിക്കുക. ശുദ്ധീകരണം പ്രാപിപ്പാൻ യേശുവിന്റെ അടുക്കൽ പോയ ശേഷം ലജ്ജയും കുറ്റബോധവും ഇല്ലാതെ ദൈവകല്പനകളുടെ മുമ്പിൽ നില്ക്കുക എന്നത് നമ്മുടെ അവകാശമാണ്. അതുകൊണ്ട് ജഡത്തിന്റെ ഇഷ്ടത്താലല്ല ആത്മാവിന്റെ ഇഷ്ടത്താൽ ജീവിക്കുന്ന "ക്രിസ്തുവിലുള്ളവർക്കു ഒരു ശിക്ഷാവിധിയുമില്ല" (റോമർ 8:1)

ഇന്നു മുതൽ നിങ്ങൾ നിങ്ങൾക്കുള്ളവരല്ല; നിങ്ങളെ വിലക്കു വാങ്ങിയിരിക്കുന്നു. "നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത് പൊന്ന്, വെള്ളി മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെ കൊണ്ടല്ല. ക്രിസ്തു എന്ന നിർദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടത്രെ" (1

പത്രൊസ് 1:18,19). ദൈവത്തിങ്കൽ വിശ്വസിക്കുക യെന്ന ലഘുവായ പ്രവർത്തികൊണ്ട് പരിശുദ്ധാത്മാവ് നിങ്ങളുടെ ഹൃദയത്തിൽ പുതുജീവൻ പകർന്നിരിക്കുന്നു. ദൈവ കുടുംബത്തിൽ ജാതനായ ഒരു പൈതലാണു നിങ്ങൾ. ദൈവം തന്റെ ഏകജാതനായ പുത്രനെ സ്നേഹിക്കുന്നതുപോലെ നിങ്ങളെയും സ്നേഹിക്കുന്നു. നിങ്ങൾ ആയിരിക്കുന്ന നിലയിൽ തന്നെ കടന്നു വരിക;

ഇപ്പോൾ നിങ്ങൾ നിങ്ങളെ യേശുവിനു കൊടുത്തുകഴിഞ്ഞു, പിൻതിരിയരുത്. നിങ്ങളെ ക്രിസ്തുവിൽ നിന്നും എടുത്തുമാറ്റരുത്. "ഞാൻ ക്രിസ്തുവിന്റേതാണ്; എന്നെ മുഴുവനായി ഞാൻ കൊടുത്തു കഴിഞ്ഞു" എന്നു ദിനന്തോറും പറയുക. ക്രിസ്തുവിന്റെ കൃപയിൽ നിലനില്ക്കേണ്ടതിന് പരിശുദ്ധാത്മാവിനായി ആവശ്യപ്പെടുക. നിങ്ങളെ ക്രിസ്തുവിനു ഏല്പിച്ചുകൊടുക്കുകയും അവനിൽ വിശ്വസിക്കുകയും ചെയ്തപ്പോൾ നിങ്ങൾ ദൈവപൈതലായി തീർന്നതുകൊണ്ട് അവനിൽ തന്നെ ജീവിക്കുക. "ആകയാൽ നിങ്ങൾ കർത്താവായ ക്രിസ്തുയേശുവിനെ കൈക്കൊണ്ടതുപോലെ അവന്റെ കൂട്ടായ്മയിൽ നടപ്പിൻ" (കൊലൊസ്സ്യർ 2:6)

ഒരു പരിശീലന കാലഘട്ടത്തിനു ശേഷം തങ്ങൾക്കു രൂപാന്തരം ഭവിച്ചു എന്ന് കർത്താവിന്റെ മുമ്പാകെ വെളിപ്പെടുത്തിയാൽ മാത്രമെ അനുഗ്ര

ഹങ്ങൾക്കു വേണ്ടി അപേക്ഷിക്കാനാകൂ എന്ന് ചിലർ കരുതുന്നുണ്ട്. പക്ഷെ അവർക്ക് ദൈവീക അനുഗ്രഹങ്ങൾ ഇപ്പോൾ തന്നെ അവകാശപ്പെടാവുന്നതാണ്. ഇപ്പോൾ തന്നെ അവർക്ക് ദൈവകൃപ ആവശ്യമുണ്ട്. അവരുടെ ബലഹീനതകളിൽ സഹായത്തിനായി ക്രിസ്തുവിന്റെ ആത്മാവ് അത്യാവശ്യമാണ്. അല്ലെങ്കിൽ അവർക്ക് ദുഷ്ടതയെ നേരിടാനാകയില്ല. പാപികളും നിസ്സഹായരും ആശ്രിതരുമായ നാം അപ്രകാരം തന്നെ ക്രിസ്തുവിന്റെ അടുക്കൽ കടന്നുവരുന്നത് അവനിഷ്ടപ്പെടുന്നു. നമ്മുടെ സകലവിധ ബലഹീനതയോടും തെറ്റുകുറ്റങ്ങളോടും പാപങ്ങളോടു കൂടെ കടന്നുവന്ന് അനുതാപത്തോടു കൂടെ യേശുവിന്റെ കാൽകീഴിൽ വീഴുക. നമ്മുടെ പാപമുറിവുകളെ പൊതിഞ്ഞു കെട്ടി സകലവിധ അശുദ്ധിയിൽ നിന്നും ശുദ്ധമാക്കുന്നതിന് ക്രിസ്തുവിന്റെ സ്നേഹവും മഹത്വവും നമ്മെ വലയം ചെയ്യുന്നതാണ്.

ഇവിടെ ആയിരങ്ങൾക്ക് വീഴ്ച ഭവിക്കുന്നുണ്ട്. വ്യക്തിപരമായി തന്നെ യേശു അവരോടു ക്ഷമിക്കുമെന്ന് അവർ വിശ്വസിക്കുന്നില്ല. ദൈവത്തെ അവർ വാക്കിൽ എടുക്കുന്നില്ല. ഓരോ പാപങ്ങൾക്കും സൗജന്യമായ പാപക്ഷമയുണ്ടെന്നു മനസ്സിലാക്കിക്കൊണ്ട് അവരത് അവകാശപ്പെടേണ്ടതാണ്. ദൈവവാഗ്ദത്തം നിങ്ങൾക്കു വേണ്ടിയുള്ളതല്ല എന്ന

ചിന്ത ദുരീകരിക്കുക. അത് തീർച്ചയായും അനു തപിക്കുന്ന ഓരോ പാപിക്കും അവകാശപ്പെട്ടതു തന്നെയാണ്. വിശ്വസിക്കുന്ന ഓരോ ദേഹിക്കും ക്രിസ്തുവിൽ കൂടെയുള്ള കൃപയും ശക്തിയും ദൈവദൂതന്മാർ കൊണ്ടെത്തിക്കുന്നു. തങ്ങൾക്കു വേണ്ടി മരിച്ച യേശുവിൽ നിന്ന് ബലവും വിശു ദ്ധിയും നീതിയും പ്രാപിക്കാനാകാതവണ്ണം കഠിന പാപികളായി ആരും തന്നെയില്ല. പാപത്താൽ മലി നമാക്കപ്പെട്ട അവരുടെ വസ്ത്രം മാറ്റിയിട്ട് ക്രിസ്തു വിന്റെ നീതിയിൽ വസ്ത്രം അവരെ ധരിപ്പിക്കുവാൻ അവൻ കാത്തിരിക്കുന്നു. മരിക്കാതെ ജീവിച്ചിരിക്കു വാൻ അവൻ ആഹ്വാനം ചെയ്യുന്നു.

സംശയിച്ചു വിറക്കുന്ന ഏവരുമായുള്ളോരെ, ഉയരത്തിലേക്കു നോക്കുക. നിങ്ങളുടെ മദ്ധ്യസ്ഥ നായി യേശു ജീവിക്കുന്നു. തന്റെ പ്രിയപുത്രനെ ദാനമായി തന്നതുകൊണ്ട് ദൈവത്തിനു നന്ദി അർപ്പി ക്കുക. അവൻ നിങ്ങൾക്കു വേണ്ടി മരിച്ചത് വ്യർത്ഥ മാകാതിരിക്കാൻ പ്രാർത്ഥിക്കുക. ആത്മാവ് ഇന്നു തന്നെ നിങ്ങളെ വിളിക്കുന്നു. പൂർണ്ണഹൃദയ ത്തോടെ യേശുവിന്റെ അടുക്കൽ വന്ന ശേഷം അവന്റെ അനുഗ്രഹങ്ങൾ അവകാശപ്പെടുക.

വാഗ്ദത്തങ്ങൾ വായിക്കുമ്പോൾ അവ പറഞ്ഞ റിയിക്കാനാവാത്ത ദൈവസ്നേഹത്തിന്റെയും

അനുകമ്പയുടെയും തത്വത്തിന്റെ മുദ്രയാണെന്ന് വിശ്വസിക്കുക. അനന്തമായ സ്നേഹത്തിന്റെ അതി ശ്രേഷ്ഠ ഹൃദയം അതിരില്ലാത്ത അനുകമ്പയോടു കൂടെ പാപിയിലേക്കു കടന്നു വരുന്നു. "അവനിൽ നമുക്ക് അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പുണ്ട് " (എഫെസ്യർ 1:7) അതെ, ദൈവം നിങ്ങളുടെ സഹായമാണെന്നു വിശ്വ സിക്കുക. മനുഷ്യനിൽ ദൈവത്തിന്റെ ധാർമ്മിക പ്രതിരൂപം പുനഃസ്ഥാപിക്കപ്പെടുവാൻ ദൈവം ആഗ്രഹിക്കുന്നു. അനുതപിച്ചു ഏറ്റുപറഞ്ഞു കൊണ്ട് നിങ്ങൾ ദൈവത്തിങ്കലേക്കു കടന്നുവരു മ്പോൾ കൃപയോടും പാപക്ഷമയോടും കൂടെ ദൈവം നിങ്ങളുടെ അടുക്കലേക്കും കടന്നുവരും.

കൂടുതൽ പഠനത്തിന് ബന്ധപ്പെടുക

GIVING LIGHT TO OUR WORLD

## More on This Topic

Scan the QR code or visit the link below.

www.hopetv.org/glow-peace

Hope Channel DIRECTV Channel 368



## Free Bible Studies

You can also contact us for information about our free Bible study plans and literature.

**www.glowonline.org**